ഇടവക മിഷൻ - ബൈബിൾ ക്വിസ്സ് 06/2019
യശയ്യാ പ്രവാചകൻറെ പുസ്തകം 22 - 40

**നിർദേശങ്ങൾ**

(i) മലയാളം **പഴയ പതിപ്പിൽ** നിന്നുള്ള പദങ്ങൾ ഉപയോഗിക്കുക
(ii) ഉത്തരങ്ങൾ **യശയ്യാ പ്രവാചകൻറെ** പുസ്തകത്തെ **മാത്രം** ആസ്പദമാക്കി എഴുതുക
(iii) ദയവായി ഉത്തരങ്ങൾ **സംക്ഷിപ്ത രൂപത്തിൽ** എഴുതുക.
(iv) ഉത്തരങ്ങൾ ലെറ്റർ സൈസ് പേപ്പറിൽ എഴുതുകയോ ടൈപ്പ് ചെയ്യുകയോ ആകാം. അതിൽ നിങ്ങളുടെ പൂർണമായ **പേരും ടെലിഫോൺ നമ്പറും** ഉണ്ടായിരിക്കണം
(v) ഉത്തരങ്ങൾ **2019, സെപ്റ്റംബർ 29**-നോ അതിനു മുൻപായോ വികാരി സുനിൽ മാത്യു അച്ചൻറെ പക്കലോ സെക്രട്ടറി അലക്സാണ്ടർ ഫിലിപ്പിൻറെ പക്കലോ ഏല്പിക്കാവുന്നതാണ്. അല്ലെങ്കിൽ edavakamissionsecretary@marthoma.ca എന്ന ഇമെയിൽ അഡ്രസ്സിൽ അയക്കുക
(vi) ദ കനേഡിയൻ മാർ തോമ ചർച്ചിലെ (ചോദ്യ കർത്താവിൻറെ കുടുംബാങ്ങങ്ങളൊഴികെയുള്ള ) എല്ലാ അംഗങ്ങൾക്കും ഇതിൽ പങ്കെടുക്കാവുന്നതാണ്
(vii) അന്തിമ തീരുമാനം **വികാരി അച്ചൻറെ** അഭിപ്രായമാനുസരിച്ചായിരിക്കും

**A - ഒറ്റ വാക്കിൽ ഉത്തരമെഴുതുക. ഓരോന്നിനും 1 മാർക് (1X10 = 10)**

1)അവൻ ________________ മൂടുപടം നീക്കിക്കളഞ്ഞു.

2) കൊട്ടാരത്തിൽ, ശെബ്നയുടെ ജോലി എന്തായിരുന്നു?

3) "അതിൻറെ കോട്ടകളെ നശിപ്പിപ്പിൻ" എന്ന് കല്പനകൊടുത്തിരിക്കുന്നത് ഏതു സ്ഥലത്തെപ്പറ്റിയാണ്?

4) ആരാണ് സ്വസ്ഥാനത്തു തന്നെ മെതിക്കപ്പെടുന്നത്?

5) വിദ്രുതസർപ്പത്തിൻറെ പേരെന്ത്?

6) അന്നാളിൽ മഹാകാഹളം ഊതുമ്പോൾ അശ്ശൂർ ദേശത്തു നഷ്ടരായവരും മിസ്രയീംദേശത്തു ഭ്രഷ്ടരായവരും എവിടെ, എന്തിനു വന്നു കൂടും?
7) കാൽകൊണ്ടു ചവിട്ടിക്കളയപ്പെടുന്നതെന്താണ്?
8) അശ്ശൂർ തകർന്നുപോകുന്നതെങ്ങനെ?
9) "അന്നു മരുഭൂമിയിൽ ന്യായം വസിക്കും". എന്ന്?
10) ഗൃഹകാര്യം ക്രമത്തിലാക്കുക എന്നു അരുളിച്ചെയ്തതു ആരോട്?

## B - താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങൾ പൂർത്തിയാക്കുക. ശരിയായ വാക്യ സൂചകവും (reference) എഴുതുക. ഓരോന്നിനും 3 മാർക് (3X5 = 15)

1)സമാധാനത്തിന്നായി _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ സ്നേഹത്തോടെ രക്ഷിച്ചിരിക്കുന്നു.
2) യഹോവയുടെ മഹത്വം _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ അരുളിച്ചെയ്തിരിക്കുന്നതു.
3) അന്നാളിൽ സൈന്യങ്ങളുടെ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ വീര്യബലവും ആയിരിക്കും.
4) സ്ഥിരമാനസൻ നിന്നിൽ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ എന്നേക്കും ആശ്രയിപ്പിൻ.
5) അന്നാളിൽ യഹോവ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ ഭൂപാലന്മാരെയും സന്ദർശിക്കും.

## C - മൂന്നു വാക്യങ്ങളിൽ കുറയാതെ ഉത്തരം എഴുതുക. ഓരോന്നിനും 5 മാർക് (5X3 = 15)

1)ഭൂമിയുടെ മേലുള്ള ന്യായവിധിയെപ്പറ്റിയുള്ള പ്രവചനങ്ങൾ എന്തൊക്കെ?
2) സീയോൻ നിവാസികൾ കേട്ട ആശ്വാസ വചനങ്ങൾ എന്തൊക്കെയാണ്?

3) മിസ്രയീമിനെ ആശ്രയിക്കുന്നത് മൂലം യിസ്രായേലിന്നു സംഭവിക്കുന്ന ചില അനർത്ഥങ്ങൾ എന്തൊക്കെ?

## D - താഴെ പറയുന്നവയിൽ ഏതെങ്കിലും ഒന്നിനെപ്പറ്റി നിങ്ങളുടെ സ്വന്തം വാക്കുകളിൽ എഴുതുക. 10 മാർക്.

1) കർത്താവ് നീതിമാനായ ദൈവം

**അല്ലെങ്കിൽ**

2)പ്രാർത്ഥനയുടെ രാജാവായ ഹിസ്കീയാവു